**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2479 01.04.2013-ൽ മറുപടിയ്ക്ക്

**കുഴൽക്കിണർ നിർമ്മാണത്തിനാവശ്യമായ ആധുനിക റിഗ്ഗുകൾ വാങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ.ഷംസുദ്ദീൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) | |
| എ) | കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി കുഴൽക്കിണറുകൾ നിർമ്മിച്ചു നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) | കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെ കീഴിൽ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ചു നൽകുകയും, വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി എം.എൽ.എ, എസ്.ഡി.എഫ്, എം.പി.എൽ.എ.ഡി, എന്നിവയിൽ ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് കുഴൽ കിണർ നിർമ്മിച്ചു നൽകുകയും, വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് കുഴൽ കിണർ നിർമ്മിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| ബി) | കുഴൽക്കിണർ നിർമ്മാണത്തിന് ആവശ്യമായ വിവിധതരം റിഗ്ഗുകളുടെ അപര്യാപ്തത പ്രസ്തുത കിണറുകളുടെ നിർമ്മാണത്തിന് തടസ്സമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ആധുനിക റിഗ്ഗുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ